# അത്തിപ്പൾ
# പഴങ്ങൾ

വിവർത്തകൻ:-
## മുണ്ടായത്ത് ശ്രീധരൻ

# ആപ്പിൾപ്പഴങ്ങൾ

ആപ്പിളിൻെറ പാതി നമ്മള്
പാതിയിട്ടുനിയാവും;
ആപ്പിളിൻെറ പാതി നമ്മള്
പാതിയിസ്സമുദായം;
ആപ്പിളിൻെറ പാതി നിങ്ങള്
മററുപാതി ഞാനും;
ആപ്പിളിൻ പാപ്പാതിയാണു്
നിങ്ങളുമീ ഞാനും.

—നസിം ഹിക്‌മത്

3244

വിവർത്തകൻ :

**മണ്ണാലത്തു് ശ്രീധരൻ.**

1955 ഡിസമ്പർ
കോപ്പി 1000

പ്രസാധകന്മാർ:
പ്രഭാതം പ്രിൻടിങ്ങ് & പബ്ലിഷിങ്ങ്
കമ്പനി ലിമിററഡ്.

അച്ചടി:
സരസ്വതി പ്രസ്സ്, കോഴിക്കോട്-1.

[ വില 6ണ.

# രണ്ടു വാക്ക്

——:——

ഇന്ത്യ, ചൈന, സോവിയററ്യൂനിയൻ, തുൎക്കി, അമേരിക്ക എന്നീ രാജ്യങ്ങളിലെ വിവിധ ഭാഷകളിൽനിന്നുള്ള ഇംഗ്ലീഷ്പരിഭാഷകളാണു് ഈ സമാഹാരത്തിലെ എല്ലാ കവിതകൾക്കുമുള്ള അവലംബം. വിവൎത്തനത്തെസ്സംബന്ധിച്ച്, ഇംഗ്ലീഷ് പരിഭാഷയോടു് എൻെറ കഴിവിൻെറ പരമാവധി ഔചിത്യം ദീക്ഷിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ടെന്നു് എനിയ്ക്കു ഉത്തമവിശ്വാസമുണ്ടു്.

കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്തിന്നിടക്ക പലപ്പോഴായുള്ള എൻെറ പരിശ്രമത്തിൻെറ ഫലമാണ് ഈ പുസ്തകം. എൻെറ വ്യുൽപത്തിയുടെ പരിമിതികാരണമായിരിയ്ക്കാം, ഈ പരിശ്രമം പലപ്പോഴും ഒരു സാഹസമായി അനുഭവപ്പെട്ടിട്ടുണ്ടു്. ആ അവസരങ്ങളിലെല്ലാം എനിയ്ക്കു കൈതന്നു സഹായിച്ച എൻെറ സുഹൃത്ത് ചിത്രഭാനുവിനോടുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

സമാധാനത്തിന്നും സ്വാതന്ത്ര്യത്തിന്നും വേണ്ടിയുള്ള ലോകജനതയുടെ ശബ്ദത്തിൻെറ പ്രതിദ്ധ്വനി തെല്ലെങ്കിലും ഇതിൽനിന്നു വായനക്കാൎക്ക അനുഭവപ്പെട്ടെങ്കിൽ!

—ഞാനതേ ആശിയ്ക്കുന്നുള്ളു.

—വിവൎത്തകൻ.

1. ഞാൻ സമാധാനത്തെപ്പററി പാടുന്നു
—ഹരീന്ദ്രനാഥ് ചതോപാദ്ധ്യായ

2. മഞ്ഞ്
—മാവോസെ തുങ്ങ്

3. എൻെറ രാജ്യം
—നസിം ഹിക്മത്

4. ഖുദിറാംബോസ്
—ഹരീന്ദ്രനാഥ് ചതോപാദ്ധ്യായ

5. ഞങ്ങൾ മരിക്കയാണെങ്കിൽ
—എഥെൽ റോസൻബർഗ്ഗ്

6. തലയുയത്തിനില്ക്കും
—സ്റ്റാലിൻ

7. ഞാൻ ജേലിലായിരുന്നപ്പോൾ
—നസിം ഹിക്മത്

8. മുന്നോട്ടുപോവുക
—രവീന്ദ്രനാഥടാഗോർ

9. നമ്മുടെ പ്രേമം
—ലവ് ഒഷാനിൻ

10. സ്വാതന്ത്ര്യം
—ഹരീന്ദ്രനാഥ് ചതോപാദ്ധ്യായ

# ഞാൻ സമാധാനത്തെപ്പററി പാടുന്നു

(ഹരീന്ദ്രനാഥ് ചതോപാദ്ധ്യായ)

യുദ്ധക്കൊതിയരിങ്ങെത്രനാൾ പാതക-
ചിത്രണം ചെയ്യട്ടല്ലസിയ്ക്കിലാട്ടെ,
വൃത്തിവിഹീനമീയാപത്തു ലോകത്തെ-
യെത്രനാൾ പിന്തുടന്നീടിലാട്ടെ
ഞങ്ങൾതൻ ഗാഢാഭിലാഷമെന്നൊന്നുമി
ങ്ങൊന്നുതാൻ—ആയതേ വിശ്വശാന്തി!

ഘോഷിയ്ക്കയാണു നിയതി: "ഞാനെമ്പാടും
കാർഷികസമ്പത്തു നേടുന്നീടുന്നു."
നിച്ചലും മണ്ണു വിശന്നു വലയുന്നു
പച്ചവിരിയ്ക്കും വിളയ്ക്കുവേണ്ടി.
താരകപ്പൂപ്പുള്ളി വസ്ത്രവും കൌതുകം
താവും പുലരിതന്നാങ്കിയുമായ്
അത്തരം പച്ചച്ച കുന്നിൻ മുകളിലാ-
യെത്തുവാനാശിയ്ക്കുന്നന്തരീക്ഷം
ഘോഷിപ്പു വീണ്ടും നിയതി: "ഞാനെമ്പാടും
കാർഷിക സമ്പത്തു നേടുന്നീടുന്നു."

ശാന്തി നിലയ്ക്കിലീ ലോകമേ നഷ്ടമാം;
ശാന്തിയെമ്മട്ടുമാശിപ്പൂ ഞങ്ങൾ.
വാനിൻ വെളിച്ചത്തിൽ സദ്രസം പാറിപ്പോം
ചേണററ പക്ഷിയെ നോക്കി നോക്കി
നീങ്ങിടും മക്കളതെമ്മട്ടറിഞ്ഞിടും
നീറുന്ന ബോമ്പിൻ വിമാനമെന്നായ്!

മീതെയും ചുററും സമാധാനം—ഒന്നിലും
ഭീതിയും ദ്വേഷവുമാന്നിടാതെ,
ഞങ്ങൾ തൻ ചിത്തങ്ങൾ സാമൂഹ്യാവജ്ഞതൻ
കന്മഷലേശമിയന്നിടാതെ
സൌന്ദര്യ സ്നേഹാത്മകങ്ങളാമായിര-
മുന്നത നിർമ്മിതി നേടിടാവൂ!

പാടുന്നു, പാടുന്നു ശാന്തിയെപ്പററി ഞാൻ
പാടുന്നു വിശ്രമം തേടിടാതെ.
കാരണം: ജീവിതസ്പന്ദനചോദന
കാണുവി,നത്ര മനോഹരം താൻ.
കൈക്കമ്പിൾ കാണിച്ചു ശാന്തിയ്ക്കു കേഴാതെ
കൈയ്ക്കു പിടിച്ചതു വാങ്ങും ഞങ്ങൾ.
കാരണം: ആയതീ ഭൂമിയ്ക്കവകാശം;
കാണു, ചരാചരൈകാവകാശം.

സൌന്ദര്യാവിഷ്കൃതിയ്ക്കെന്നും ഭദ്രത
തന്നിടും ശാന്തിയാണെൻെറ ഗാനം.

ബദ്ധവാത്സല്യമിങ്ങോരോരോ പക്ഷിയും
മുട്ടവിരിയിക്കാൻ നോററുവാഴും
കൊച്ചു കൂടിന്നായി, കൈക്കുമ്പിൾ കാട്ടാതെ
വെച്ചുവാങ്ങീടുമാ ശാന്തി ഞങ്ങൾ!

ശ്വാസം, വികാസ,മുൾപ്രേമമിമ്മട്ടോരോ
ഭാസുര ഭാവത്തിൻ സത്തയായി,
റോസയ്ക്കു പൊൻനിറം പൂശുമജ്ജീവിതം
ഘോഷിയ്ക്കും ശാന്തിയാണെൻെറ ഗാനം.

കക്ശതീക്ഷ്ണ കലഹത്തിൽ നിന്നൈക്യം
രക്ഷിയ്ക്കും ശാന്തിയാണെൻെറ ഗാനം.
ഒക്കെയും തല്ലിച്ചതച്ചെരിച്ചീടുമാ
വിദ്വേഷത്തിങ്കൽ നിന്നാത്തവേഗം,
മുക്തിയാർന്നീടുവാനോരോ ചുവടിലും
ശക്തിയായ് വായുവിൽ കോളിളക്കി,
മർത്ത്യസിരകളിങ്ങോരോന്നും ഝംകാരം
തത്തുന്ന തന്ത്രിയായ് മാറുവോളം,
പാടും ഞാൻ!—ജീവിതമേതിലും മോചനം
പാവിടും ശാന്തിയാണെൻെറ ഗാനം!

അന്യർ തൻ യത്നഫലങ്ങളെ നിസ്സ്പൃഹം
തിന്നുമുടിച്ചോരാൾ ജീവിയ്ക്കുമ്പോൾ,
മണ്ണിൻ മനുഷ്യക്കിടമരുളാതവ-
നന്യരെക്കൊല്ലാതെ കൊന്നിടുമ്പോൾ

എന്ന നിയതിയാ ദ്രോഹിയെ നിർദ്ദയം
പിന്നിലിരുട്ടിൽ പിടിച്ചെറിയും?
ചൂഷണത്തിൻെറ ഭരയും കലഹവും
ദൂഷിതകാമാന്ധകാരവും താൻ

എന്നു നിഷിദ്ധമായ്ത്തീന്നിടും?—ജീവിത-
മന്നേ വളച്ച്ക്കുറപ്പു നൽകൂ!

പച്ച വിരിപ്പിട്ടു പൊട്ടിച്ചിരിച്ചെൻെറ
അക്ഷികൾ കക്കും വയലിടങ്ങൾ;
ഇന്ദ്രനീലാഭമൊരത്ഭുതശാന്തിയാ-
ലെൻ ദൃഷ്ടി നട്ടുപോം കേദാരങ്ങൾ;
പൊൻനിറം പൂണുന്ന മുന്തിരിച്ചാറുപോൽ
മിന്നി മിനുങ്ങും മുകിൽ നിരകൾ;

മേയുമജങ്ങൾ; പെരുംശിലാക്കൂടങ്ങൾ
ചൂഴെയൊഴികിപ്പോം പൂഞ്ചോലകൾ;
കന്മഷമേശാതഗാധ തലത്തേക്കായ്
കന്മതിൽ ചാടുമാ നീർച്ചാട്ടങ്ങൾ

ഒന്നൊന്നായ് ചന്ദ്രതാരാക്കഗോളങ്ങളിൽ
നിന്നു സംശുദ്ധീകൃതങ്ങളായി
പൊങ്ങും നിറങ്ങൾ; പല ഫലമൂലങ്ങൾ;
തിങ്ങും കരിമ്പച്ചക്കാടകങ്ങൾ;

രത്നഗർഭാഢ്യയായ് വിങ്ങിത്തുടിച്ചിടും
പൃത്ഥ്വിതൻ സമ്പൽഖനിയിടങ്ങൾ;
എന്നല്ല, സവ്വതും—വിശപ്രകൃതിയി-
ലെന്നും വളരുന്ന സവ്വതും താൻ,

എന്തിന്നു, ജീവിതത്തിൻെറയുമാനന്ദ-
ത്തിൻെറയും നൽ വെളിച്ചത്തിൻെറയും
എല്ലാം തിരക്കുന്നു, യുദ്ധവും മൃത്യുവും
വെല്ലുമാ ശന്തിതൻ ഗാനം പാടാൻ.

മർത്ത്യന്നുവേണ്ടി മഹത്തരമാമോരോ
പദ്ധതി തീർത്തുനടത്തുവാനായ്
യത്നിയ്ക്കുമോരോ കരത്തിന്നും, നിർമ്മാണ-
ബദ്ധമായ് ശ്രദ്ധിയ്ക്കും ചിന്തകൾക്കും
ജീവിതത്തിന്നോരോ കോണിലും തങ്ങൾതൻ
പാവനകർത്തവ്യം സാധിപ്പാനായ്
പാടുന്നു, പാടുന്നു ശാന്തിതൻ ഗാനം ഞാൻ
പാടുന്നു വിശ്രമം തേടിടാതെ.

മർത്ത്യലോകാനന്ദസാഗരത്തിൻ പൊരുൾ
വിസ്തരിച്ചീടുവതെൻെറ ഗാനം;
അല്ലാതെ, പട്ടടക്കാടിനെ മൂടുവ-
തല്ല ഞാൻ പാടുമിശ്ശാന്തിയൊന്നും.
ധീരമായ് നിർത്താതെ, നിർത്താതെ പാടുമാ
സാരവത്ശാന്തിതൻ ഗാനമീ ഞാൻ.

രക്തദാഹാർത്തരായ് സത്സമാധാനത്തെ
ബദ്ധവിരോധം വെറുപ്പതാരോ,
യുദ്ധപ്രകീർത്തനം പാടിക്കലഹത്തി-
ക്കത്തിയ്ക്കാൻ കെഞ്ചിനടപ്പതാരോ

ശത്രുക്കളാമവർ തൻ തൊള്ള പൂട്ടിച്ചു
മുദ്രയടിയ്ക്കുവതെൻെറ ഗാനം;
ശത്രുക്കളാമവർ തന്നുററംകൊള്ളലെ
നിത്യമായ് വെല്ലുവതെൻെറ ഗാനം.

ഒന്നിച്ചുണരുമാ ലോകജനത തൻ
വന്ദ്യാഭിലാഷത്തിൻ ചിഹ്നമായി,
എങ്ങമജയ്യം നിവരും വിഹായസ-
ഭംഗിയാം നീലപ്പതാകതന്മേൽ
പാവിതമായിപ്പതിച്ച സമാധാന-
പ്രാവിനെപ്പററിയാണെൻെറ ഗാനം.

# മഞ്ഞ്

## (മാവോ സെ തുങ്ങ്)

ആയിരം 1 'ലീ'വരും മഞ്ഞിനാൽ മൂടിയ-
താണാ വടക്കൻപ്രദേശമാകെ;
മഞ്ഞിൻ ചുഴലിക്കൊടുങ്കാററടിപ്പതാ-
ണെങ്ങുമാ വിസ്തൃതഭൂവിഭാഗം.

വന്മതിൽക്കെട്ടിൻപുറത്തു നടപ്പതോ
ഗംഭീരസംഘർഷമൊന്നുമാത്രം.

മഞ്ഞനദിതൻ കരകളിലൊന്നിൽപ്പോയ്
നിന്നാലും നീരോട്ടം കാണുകവയ്യ!

വീണുപിടയ്ക്കുന്ന വെള്ളിസർപ്പങ്ങളായ്
കാണുന്നു ശൈലനിരകളെല്ലാം.

മിന്നീടുമാനകൾപോലെസ്സമതലം
തന്നിലുയരുന്നു കുന്നും മേടും—

എന്നാലും ഞങ്ങളുയർന്നുതാൻ നില്പൂയാ-
ണങ്ങാരാ,ലാകാശവീഥിയോളം!

---

1. ചൈനീസ് അളവ്

തൂവെള്ള വസ്ത്രവിഭൂഷിതയായ്ത്തുടം
പൂവൽക്കവിളോലും കാമിനിപോൽ,
അത്രയും ചേതസ്സമാകഷ്കമാണീ
പൃത്ഥ്വിതൻ സുപ്രസന്നാന്തരീക്ഷം;
അത്തരമെത്രമേൽ മോഹനമല്ലല്ലീ
പൃത്ഥ്വിതൻ വാഹിനീമാമലകൾ !

സംഗരമാടിയിസ്സൌന്ദര്യമൊന്നിനെ
പ്പിന്തുടന്നെത്രയോ ധീരോദാത്തർ.
സംസ്കാരമല്പവും നേടിയിരുന്നില്ല
'ചീഹ്ലയാൻ' 'വോയോടി' രാജാക്കന്മാർ;
എന്നല്ല, 'ടായ്സോങ്ങ്'ം 'സായ്സൂവും' സൽഗുണ
മൊന്നുമില്ലാത്തവരായിരുന്നു.
വില്ലു കഴകക്കെത്തിരെക്കുലയ്ക്കുകെ-
ന്നുള്ളതേ 'ജങ്കിസ്ഖാൻ' ശീലിച്ചുള്ളൂ.
ഇക്കഥയൊക്കെക്കഴിഞ്ഞതാ—ണിന്നാദ്യം
നിൽക്കുന്നീ മണ്ണിൽ സുബോധമർത്ത്യൻ !!

# എന്റെ രാജ്യം

(നസിം ഹിക്മത്)

ഉച്ചത്തിൽ മേല്പോട്ടു ചാടിക്കുതിയ്ക്കുന്നൊ-
രശ്വത്തിൻ ശീർഷം കണക്കെ,
മററുമായേഷ്യയിൽ നിന്നു വിദൂരമാം
മദ്ധ്യധരണ്യാഴിയോളം
അങ്ങിനെ നീണ്ടുപരന്നു കിടക്കുന്നു
ഞങ്ങൾക്കുടയോരീ [1] രാജ്യം.

ചോരച്ച കൈകൾ; കടിപ്പെട്ട പല്ലുകൾ;
കേവല നഗ്നപാദങ്ങൾ;
പാരം വിലപ്പെട്ടതാം പട്ടുകംബളം
പോലെ കിടക്കും പ്രദേശം:
ഞങ്ങൾക്കുടയ നരകവും നാകവു-
മിങ്ങുതാൻ—ഞങ്ങൾ തൻ രാജ്യം!

അന്യക്ക്വകാശമുള്ള കവാടങ്ങൾ
ഞങ്ങൾക്കടഞ്ഞുപോകട്ടെ.
മർത്ത്യനെ മർത്ത്യനടിമയാക്കീടുന്ന
തത്വമെടുത്തുപോകട്ടെ!
വാദമിതാകുന്നു; ജീവിയ്ക്കു, വന്മരം
മാതിരി സ്വൈരം സ്വതന്ത്രം!
കാനനമാളുന്ന സൌഭ്രാത്രമുൾക്കൊണ്ടു
വാഴ്കതാൻ ഞങ്ങൾതന്നാശ!

---

1. തൂക്കി

# ഖുദിറാം ബോസ്

(ഹരീന്ദ്രനാഥ് ചതോപാദ്ധ്യായ)

[40 കൊല്ലം മുമ്പ് ബ്രിട്ടീഷ് വിരോധസമരത്തിൽ കൊലമരം കയറിയ ഇന്ത്യയിലെ ആദ്യത്തെ വിപ്ലവകാരി. അന്നു ഹരീന്ദ്രനാഥന്നു 10 വയസ്സായിരുന്നു. ജയിൽഭിത്തികൾ ലംഘിച്ചു കൊലമരത്തിൽനിന്നു അലച്ചെത്തുന്ന ഖുദിറാമിൻെറ ശബ്ദം കവി സങ്കല്പിയ്ക്കുന്നു.]

മൃത്യുവാന്നു ഞാൻ വീഴുന്ന നേരം,
പട്ടടയിൽ ദഹിയ്ക്കുന്ന നേരം,
എൻ ചിതാഭസ്മമങ്ങുയന്നീടും
സുന്ദരാനന്ദഗീതികൾ പാടും!
കാളുമഗ്നിയിൽ പൊങ്ങിയതാകും
ഗാനമായതു മുന്നോട്ടുപോകും.

എൻെറ നാടേ, കരയായ്ക നീയീ
സ്വാതന്ത്ര്യസംസേവകന്നായി.
എന്തിനായി നീ കേഴണം മേലും,
ബന്ധിതൻ ഞാനിവിടെയെന്നാലും?
പിന്നെയും ഞാനുയിർത്തെഴുന്നേല്ക്കും
നിന്നെ നിത്യവിമോചിതയാക്കും!

———:———

# ഞങ്ങൾ മരിയ്ക്കുയാണെങ്കിൽ–
## (എഥെൽ റോസൻബെഗ്ഗ്)

[ആററം രഹസ്യം അപഹരിച്ചുവെന്ന കുററം ചുമത്തി റോസൻബെഗ്ഗ ദമ്പതികളെ അമേരിക്കൻ ഗവമ്മെണ്ടു വധിയ്ക്കുകയുണ്ടായി. തൂക്കുമരച്ചുവട്ടിൽനിന്നു എഥെൽ (മിസ്സിസ്സ് റോസൻബെഗ്ഗ്) തൻെറ രണ്ടു പിഞ്ചുമക്കളെ സംബോധനചെയ്തുകൊണ്ടു എഴുതിയതാണ് ഈ കവിത.]

അറിവാകും നിങ്ങൾക്കെൻ മക്കളേ, ഞങ്ങൾ വേർ-
പിരിയേണ്ടിവന്നതിന്നെന്തിനെന്നും;

പാടുവാൻ, വായിയ്ക്കാൻ, ചെയ്യുവാൻ ശേഷിച്ച
പാട്ടുകൾ, ഗ്രന്ഥങ്ങൾ, ജോലികളും

അറിവാകുമെന്തിനാ,യാററടിമണ്ണിലേ-
യ്ക്കൂഖിലം വെടിഞ്ഞിവർ പോവതെന്നും.

ഞങ്ങളൊഴുക്കിയ കണ്ണുനീർ ധാരയും
ഞങ്ങൾ പൊറുത്തൊരീ വേദനയും

കളവായവർ തീർത്ത കഥകളുമെന്തെന്നു
കരയാതെ മക്കളേ, തെളിയും നാളെ!

ചിരിതൂകും മേദിനി; മക്കളേ, ഞങ്ങളെ
മറചെയ്യും മണ്ണിതു പച്ചവെക്കും;

കൊലയിതു നില്ക്കു;മീ ലോകം സ്വദിച്ചീടും
നലമാന്ന ശാന്തിയും സൌഹൃദവും!

മത്ത്യമൂല്യത്തിന്നായ്, സ്നേഹവായ്പിന്നായ്, നാം
പോററിയ വിശ്വാസദാർഢ്യത്തിന്നായ്

പണിചെയ്യൂ! മാതൃകാസ്മാരകമൊന്നേവം
പണിയുകെൻ മക്കളേ, നിങ്ങൾക്കായ്ത്താൻ!

# തലയുയർത്തി നില്ക്കും

(സ്റ്റാലിൻ)

നിത്യദുരന്തപ്രയത്ന മൊന്നാൽ
നട്ടെല്ലൊടിഞ്ഞു കുനിഞ്ഞു പോയോർ,
മുററുമടിമയാ, യിന്നലെ കാൽ-
മുട്ടുമടക്കിപ്പുലന്നു പോന്നോർ
മാമലപോലുമസൂയകൊള്ളും
മാതിരിയാശതൻ പൊൽച്ചിറകിൽ
എന്തിലും മേലെയായ്, ഞാൻ പറയാം,
തൻതല പൊക്കിയുയന്നു നില്ക്കും!

## വന്ദ്യപിതാവ്

(സ്റ്റാലിനെപ്പററി റഷ്യയിൽ പ്രചരിച്ച ഒരു നാടൻ പാട്ട്)

പതിനാറുപെൺമക്കളുണ്ടല്ലോ സ്റ്റാലിന്നു,
പതിനാറുകാരികൾ, സുന്ദരികൾ!
അകളങ്ക സ്നേഹമാന്നവരെന്നു മൊരുകെട്ടായ്
മരുവുമിമ്മാതൃകയെങ്ങു വേറെ?
പലതരം പതിനാറു റിപ്പബ്ളിക്കൊന്നിച്ചു
പുലരുമ്പോൾ ഞങ്ങൾതൻ യൂനിയനായ്
കടുകട്ടിക്കാരിരുമ്പൊത്തു ദൃഢൈക്യമാ-
ന്നതിലൊത്തു ചേന്നവരാണു ഞങ്ങൾ!

## അർപ്പണം

(ഹരീന്ദ്രനാഥ ചതോപദ്ധ്യായ)

ഞങ്ങൾ പണിയുമീ കൈകളെല്ലാം
അങ്ങേയ്ക്കുടയതാണെന്നുമെന്നും;
അങ്ങയിലർപ്പിച്ചിട്ടുകയാണീ
ഞങ്ങൾതൻ ഏറ്റുകളാകമാനം.
വിപ്ലവത്തിൻ ബുദ്ധികേന്ദ്രമേയ-
ങ്ങെത്തിയ്ക്കുകായവ നിർവൃതിയിൽ!

ഹാ, സഖാസ്റ്റാലിൻ, മഹത്തരമാം
ഭാസുരരോഷസ്സിൻ വെളിച്ചമായി,
വന്മണൽക്കുന്നു പൊതിഞ്ഞുനില്ക്കും
കുന്നിൻ മുകളിലകലെയായി,
മംഗളാകാരമാം താരപോലെ
അങ്ങുതെളിഞ്ഞതാ കാണ്മു, ചാലെ!!

——:——

3244

# ഞാൻ ജേലിലായിരുന്നപ്പോഠം

(നസീം ഹിക്മത്)

കൽത്തുറുങ്കിൽ ഞാനടയ്ക്കപ്പെട്ടതിൽപ്പിന്നീടൊരു
പത്തുവട്ടമെൻെറ ഭൂമി ചുററിയെത്തി സൂര്യനെ;

എത്ര തുച്ഛമായ കാലമാണു ഭൂമിയ്ക്കെങ്കിലും
പത്തുകൊല്ലം പോയെനിയ്ക്കെൻ ജീവിതത്തിൽ
നിന്നുമേ.........

കൽത്തുറുങ്കിൽ വന്നനാളിൽ കിട്ടിയൊരു പെൻസില്
കൃത്യമായി ഞാനുപയോഗിച്ചൊരാഴ്ചകാലമേ;

കഷ്ടമെന്നെപ്പററിയോക്കിലേഴ നാളിൽ കായ്യമാം,
പെൻസിലിന്നതാകെ ജീവിതത്തിനെഴും കയ്യമേ!

കൽത്തുറുങ്കിൽ ഞാനടയ്ക്കപ്പെട്ടനാളിൽ വൻകൊല-
ക്കുററവാളിയായൊ'രുസ്മാൻ' വന്നുപോയതോപ്പ്ഞാൻ:

കൊള്ളയൊന്നു ചെയ്യതിന്നു പിന്നെയുമൊരൊന്നര-
ക്കൊല്ലവും തടവനുഭവിച്ചയാഠം പിരിഞ്ഞുപോയ്.

ഇന്നലെക്കത്തൊന്നുവന്നാ വീരനിൽനി;ന്നായതിൽ
ചൊന്നിരുന്നയാഠംക്കു കുഞ്ഞൊന്നാകുവാനടുത്തതായ്!

കൽത്തുറുങ്കിൽ ഞാനടയ്ക്കപ്പെട്ട നാളീ ഭൂമിയിൽ
പെററുവീണ കുഞ്ഞിനിന്നു പത്തുവഷം പ്രായമാം.......

*　　*　　*　　*

കൽത്തുറുങ്കിലായശേഷം ഹാ, വിദൂരമായൊരെൻ
പട്ടണത്തിൽപുത്തനാം രാജാങ്കണമുയന്നിടാം.
എൻെറ കണ്ണുകൾ കണ്ടിടാത്ത രാജവീഥി തന്നോട-
ത്തെൻെറ നാട്ടാർ വീടുകെട്ടിപ്പാർത്തിടുകയായിടാം!

*　　*　　*　　*

കൽത്തുറുങ്കിൽ ഞാനടയ്ക്കപ്പെട്ടതിൽപ്പിന്നീടൊരു
പത്തു വട്ടമെൻെറ ഭൂമി ചുററിയെത്തി സൂര്യനെ!
ഞാനിതാവത്തിച്ചിടട്ടെ : ജേലിലിട്ടിനങ്ങളിൽ
ഞാനെഴുതിത്തീർത്തതെല്ലാമായവക്കുവേണ്ടിയാം;
മണ്ണിതിലുറുമ്പുപോലെ, യാഴിയിൽ പരലുപോലെ
വിണ്ണിലെപ്പറവപോലെയുള്ള വക്കു വേണ്ടിയാം;
ധീരരും ഭീരുക്കളും പഠിച്ചവരുമജ്ഞരും
പാരിതിലെ സൃഷ്ടിസംഹാരങ്ങൾതൻ കത്താക്കളും
ആയവക്കുവേണ്ടിമാത്രമാണു ഞാനെഴുതിയ-
തായവർതൻ ജീവിതം തുടിയ്ക്കുമെൻ ഗാനങ്ങളിൽ!

*　　*　　*　　*

കൽത്തുറുങ്കിൽ ഞാനടയ്ക്കപ്പെട്ടതിൽ പിന്നീടൊരു
പത്തുവട്ടമെൻെറ ഭൂമി ചുററിയെത്തി സൂര്യനെ......!

# മുന്നോട്ട് പോവുക!

## (രവീന്ദ്രനാഥ് ടാഗോർ)

മർത്ത്യദുരന്തചരിത്രത്തിലൂടെ വ-
ന്നെത്തുന്നൊരന്ധമാം സംഹാരരുദ്രത!
പാഴ്പ്പൊടിമണ്ണിൽ തലകുത്തിവീഴുന്നു
പേർത്തും പരിഷ്കാരഗോപുരപംക്തികൾ!

ഏറെ നൂററാണ്ടുകളായ് രക്തസാക്ഷികൾ
നേടിയ മാനവഭണ്ഡാരതല്ലജം,

ധർമ്മനിശ്ശൂന്യമരുഭൂവിലക്രമി-
തൻ കാലടിയിൽ ഞെരിഞ്ഞു നശിയ്ക്കയായ്.........!

ക്രൂരതതൻ ചവിട്ടേററ തലയിൽ നീ
പേറായ്ക നിന്ദതൻ കീറമാറാപ്പുകൾ!

നിന്നാപമാനിതമർത്ത്യത മൂടുവാൻ
വഞ്ചനകൊണ്ടു കുഴികുത്തിടായ്ക നീ.

തഞ്ചത്തി,ലാ പ്രഭുക്കൾക്കു പാവങ്ങളെ
തൻ തടികാക്കാൻ ബലികൊടുക്കായ്ക നീ.

സ്വാതന്ത്ര്യസംഗരം പ്രഖ്യാപനം ചെയ്തു
വീതശങ്കം യുവരാഷ്ട്രങ്ങളേ, വരൂ!

ആത്തകൌതൂഹലം വാനിലജയ്യമാ-
മാത്മവിശ്വാസക്കൊടിയുയർത്തീടുവിൻ!

ശത്രുക്കൾ വെട്ടിമുറിച്ചു ഭാഗിയ്ക്കയാൽ
പാത്തട്ടു വിണ്ടുപോയ്പ്പോയോരിടങ്ങളിൽ,

ജീവിതംകൊണ്ടുതാൻ പാലങ്ങൾ നിർമ്മിച്ചു
പോവുക; മുന്നോട്ടു, മുന്നോട്ടുപോവുക!

# നമ്മുടെ പ്രേമം

(ലവ് ഒഷാനിൻ)

ആഴിതൻ നിത്യസങ്കേതമനാരതം
ആരാഞ്ഞുപോകും പൂഞ്ചോലപോലെ,
ഉണ്ടിങ്ങൊരുതരം പ്രേമം—ആ പ്രേമമോ
നിന്റെയുമെന്റെയും സ്വന്തമല്ലീ!
സുസ്ഥിരചിത്തമിന്നോളമിടറാതൊ-
രൊററമാർഗ്ഗത്തിൽ നാം കാലുവെച്ചു!

സമ്പന്നമാകും വയലിലും, മേലെയാ
സുന്ദരവിണ്ടല വീഥിയിലും
ഉററുനോക്കുന്നു നാം—ഇന്നാട്ടിന്നാനന്ദം
പോററി വളർത്തുന്നീ രാഗദാർഢ്യം!
ഇപ്പൊന്നു നാട്ടു ഞാൻ കൈവെടിയുമ്പൊഴേ
ഇക്കരം മറെറാരാൾക്കായി നൽക്കു!

നമ്മളുയന്നു നിലക്കൊൾവൂ; മാനത്തു
നമ്മൾതൻ രൂപം പ്രതിഫലിപ്പൂ!
നിൻകരം മന്ദം ഗ്രഹിപ്പൂ ഞാൻ; മുന്നിലീ
നിശ്ശബ്ദമൂകത മന്ത്രിയ്ക്കുന്നു:
എത്താനിരിപ്പൂ തികച്ചുമീ നമ്മുടെ
മുഗ്ദ്ധാനുരാഗത്തിൻ സൽഫലങ്ങൾ!

——:*:——

# സ്വാതന്ത്ര്യം

(ഹരീന്ദ്രനാഥ് ചതോപാദ്ധ്യായ)

എത്ര സന്ത്യാഗത്തിനാ-
ലെത്ര സന്താപത്തിനാ-
ലത്രമേൽ വിലപ്പെട്ട
തല്ലി നീ സ്വാതന്ത്ര്യമേ!

എത്ര സാഹസം ചെയ്തു
മത്ത്യ, രാ ഹൃദ്രക്താഭി-
ഷിക്തമാം രംഗങ്ങളിൽ
സംഗര കാലങ്ങളിൽ!

മൃത്യുവെയതിജീവി
ച്ചെത്തിയ കുറച്ചുപേ-
ക്കെത്ര തുച്ഛമേ നിന്നിൽ
നിന്നു നീ കൊടുത്തുള്ളൂ!

പാരിതിൽ പരാധീന-
മാനവസമുദായം
പാവന വിമോചനം
നേടിടുന്നതിൽ മുന്നേ,

എത്ര ചോര ചിന്തണം
സ്ത്രീപുരുഷന്മാർ; ക്ഷുത്തിൻ
ദംഷ്ട്രയിൽ കിശോരന്മാ-
രെത്രമേൽ ഞെരിയണം?

*

എന്തെന്തു, വൃഥാവിലോ
ചീനയിൽ, സ്പെയിനി, ലീ
യിന്ത്യയിൽ നടന്നൊരാ
സ്വാതന്ത്ര്യസമരങ്ങൾ?
അല്ലല്ല!—ഞങ്ങൾക്കെഴും
ഭാവനയ്ക്കതീതമാ-
യല്ലയോ സ്വാതന്ത്ര്യമേ,
കിടപ്പൂ തവമൂല്യം!
ക്രൂരിരുട്ടിലെ മർത്ത്യ
കോടികൾ ദൂരെക്കാണും
ചാരുദീപമേ, യെന്തി-
നാലും നീയനർഘ്യം താൻ!

*

ആയിരക്കണക്കിന്നു
തകന്ന ഹൃദയങ്ങൾ,
ആപാദം കുത്തിക്കീറ-
പ്പെട്ടതാം ശരീരങ്ങൾ,
എരിതീത്തിരയേററു
ശോണിതം വാന്നും കെട്ടി

വരിയപ്പെട്ടും വിണ്ടു
മുള്ളതാം ശരീരങ്ങൾ,
ധീരമായ് സമർപ്പിയ്ക്കു
യെന്നതേ ചുരുക്കത്തിൽ
പാരതന്ത്ര്യത്തിന്നുള്ള
നിനക്കു നൽകാനായി!

*

അഗ്നിയാൽ, കഴുവിനാൽ,
കൽത്തുറുങ്കുകളാൽ നി-
ന്നഗ്ര്യയോധരെപ്പരീ-
ക്ഷിച്ചറിഞ്ഞീടുന്നു നീ.
തവ പോർവിളികേട്ടൽ-
ബുദ്ധരായ് യുഗങ്ങളാ-
യവരാവേശാനചിതം
സംഗരം നടത്തുന്നു!
ആരുടെ രക്തം താനോ
നിന്നിരുകരകളി-
ലാരവമനാരതം
മേൽക്കുമേൽ തുടിയ്ക്കുന്നു,
നിന്നിരമ്പലിനാലു
ത്തേജിതരാശാവേശ-
തുന്ദിലഹൃദന്തര-
രവർ നിർഭയരത്രേ!
പാരതന്ത്ര്യത്തിൻ ബദ്ധ-
വൈരികളവർക്കില്ലാ

പാരിതിൽ ബലക്ഷയ
മവരിൽ നീയുള്ളപ്പോഠം.

*

നിൻെറയും നിന്നോടെഴും
ദൃഢമൂലമാം പ്രേമ-
ത്തിൻെറയും മദ്ധ്യേ നില്പാ
നൊന്നിനും കഴിവില്ലാ.

വീറെഴും രണം, ജീവ
ത്യാഗമീവഴി—യ്ക്കീവ
ധീരമായ് നടക്കട്ടേ—
വന്നാലും സ്വാതന്ത്ര്യമേ!

*

ഉണ്ടു നിൻ ശത്രുക്കഠംതൻ
കൈവശം വന്തോക്കും തീ-
യുണ്ടയും ബോമ്പും മററു
വിഷവാതകങ്ങളും;

എത്രമേലൌദ്ധത്യമോ-
ടാണവരെമ്പാടുമാ
മർത്ത്യനപിധാനങ്ങ
ളഴിച്ചു വിട്ടീടുന്നു!

*

തങ്ങഠംതൻ സ്വാതന്ത്ര്യത്തി-
നന്യർതൻ സ്വാതന്ത്ര്യത്തെ

ചങ്ങലയ്ക്കിട്ടീടുന്നോരല്ലെങ്കി-
ലാരാണോർത്താൽ

നിന്നാരാതികൾ? നിന്നെ-
ക്കേവലം സ്വകാര്യ സ്വ-
ത്തെന്നപോൽ സൂക്ഷിക്കുന്നു,
പാഴിലാണെന്നാകിലും!

*

ഏതനീതികളെയും
കണ്ടമാത്രയിലെതി-
ർത്തീടുകെന്നതു നിൻെറ
സഹജസ്വഭാവമാം.

മില്ലിലോ, തെരുവിലോ,
ചെററമാടത്തിൽത്താനോ
തെല്ലുമേ നെറികേട്
നീ സഹിച്ചിരിയ്ക്കില്ല.

നിൻ പ്രതികാരാവേഗ
മുഗ്രമായ് വളരുന്നു;
നിൻ ദിനമണഞ്ഞെന്നു
മർത്ത്യരറിയുന്നു!

മർത്ത്യർ നിൻകൊടി പുൽകാ-
നാശിപ്പൂ, നിനക്കായി
മൃത്യു കൈവരിപ്പാനും
പ്രതിജ്ഞചെയ്തീടുന്നു!

ആ ഹൃദന്തരങ്ങളി-
ലേറെയായ് കുടികൊള്ളു-

മാശ നീ; നിൻചിന്തയ-
ക്കൺകളിൽ തിളങ്ങുന്നു!

*

കളകറം കിളന്നീടും
ദിക്കിലങ്ങൊരു നാളിൽ
കലിതാഭമാം സൂന-
സഞ്ചയം വിടന്നീടും—

അങ്ങിരുണ്ടിടുങ്ങിയ
മുറി കാണില്ല; നാററം
പൊങ്ങിടും ചളിക്കെട്ടും
വിശപ്പുമുണ്ടാവില്ല.

പാൎത്തലമിഞ്ചിഞ്ചായി
മരിച്ചു ജീവിപ്പോർ തൻ
പാൎപ്പിടമല്ല,നാക്കു-
മുണ്ടുറങ്ങീടാം നന്നായ്!

വൈദ്യുതദീപങ്ങളാ-
ലന്തരീക്ഷമെമ്പാടും
ചാൎത്തിടും സമ്മോഹന-
രത്നമാല്യമന്നാളിൽ.

*

ധൂമികയിഴയും മ-
ണ്ണുടുപ്പോ, ശ്വാസം മുട്ടും
ഭീമമാം നരകമോ
കൽത്തുറുങ്കുകറം താനോ

വേലചെയ്യുവോർ പാൎക്കും
ജീവിതശ്മശാനമാ-

മാലയങ്ങളോ ന്യൂനം
    മേലിലങ്ങുണ്ടാവില്ല.

യാചകരില്ലാതാവും;
    മാനവർ ശരിയ്ക്കുള്ള

മോചനം നേടീടുമ്പോൾ;
    ദീനരുമുണ്ടാവില്ല.

തൂവലിൻ മുനയാലും
    കൈക്രൂലിപ്പണത്താലും

ജീവിതങ്ങളെപ്പോലും
    കൈകാര്യം നടത്തുവാൻ

ആവതല്ലരചർക്കും
    ദുഷ്പ്രഭുക്കൾക്കും മേലിൽ;

ആവതല്ലടിമത്ത-
    ത്തിന്നുയിർക്കൊള്ളാൻ നാളെ

മർത്ത്യരെ മൃഗപ്രായ-
    രാക്കിമാററുവാൻ മാത്രം

പററുമാററതി നിന്ദ്യ-
    നീശ്വര നിയമങ്ങൾ

ഉൾത്തിങ്ങിയററയ്ക്കപ്പെ-
    ട്ടുള്ളതാം കൊട്ടും കരി-

ങ്കൽത്തുറുങ്കുകളെല്ലാം
    പരിശുദ്ധമായ്ത്തീരും

മിത്രമായ് ദൈവത്തിനെ
    യെണ്ണുകില്ലാരും പൌരരോ-

ഹിത്യത്തെ 'മദ്ധ്യസ്ഥ'നായ്
    മാനിയ്ക്കില്ലിനിയാരും.

വർഗ്ഗമേധാവിത്വവു
    മസമത്വവും പോകും
വർഗ്ഗ മററതാമൊരു
    രാഷ്ട്രമായ്ത്തീരും ലോകം.
ഉച്ചനീചത്വത്തിൻെറ
    കാകോളം ശ്വസിയ്ക്കുമീ
മച്ചിൻെറ ബീഭത്സമാ-
    മാകാരമുടൻ മാറവൂ!

നിന്നവസാനത്തീപ്പു
    കല്പിയ്ക്കപ്പെട്ടന്നേര-
മന്നിലവരും സർവ്വ-
    പ്രിയമാം സ്വാതന്ത്ര്യമേ!
ഞങ്ങൾ, നിൻ കമിതാക്കൾ,
    സപ്രതീക്ഷമന്നോളം
സംഗരം നടത്തീടും
    നിർഭയ,മനുസ്യൂതം!

••••••••

ഞാൻ സമാധാനത്തെപ്പറ്റി പാടുന്നു ____

ഹരീന്ദ്രനാഥ് ചട്ടോപാദ്ധ്യായ

മഞ്ഞ് ----------------

മാർവാകബ്ബ ബുണ്ട് ------

എന്റെ രാജ്യം ----------------

നസീം ഹിക് മത്ത് ----

ഖുദീറാം ബോസ് ----------------

ഹരീന്ദ്രനാഥ് ചട്ടോപാദ്ധ്യായ.

ഞങ്ങൾ മരിയ്ക്കുകയാണെങ്കിൽ -----

എഥെൽറോസൻ ബെർഗ് ----

തലയുയർത്തി നില്ക്കും ----------

സ്റ്റാലിൻ ----------

ഞാൻ ജയിലിലായിരുന്നപ്പോൾ ----

നസീം ഹിക് മത്ത് ----

മുന്നോട്ടു പോകുക ----------------

രവീന്ദ്രനാഥ ടാഗോർ ----

നമ്മുടെ പ്രേമം ----------------

ലവ് ഒഷാനിൻ --------

സ്വാതന്ത്ര്യം ----------------

ഹരീന്ദ്രനാഥ് ചട്ടോപാദ്ധ്യായ.

# അപ്പീൽ വഴങ്ങൾ

വിവർത്തകൻ:-
മുണ്ടായത്ത് ശ്രീധരൻ